# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *72 — 02/12/2015-ൽ മറുപടിക്ക്

## രോഗപ്രതിരോധം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാജു<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. വി.ശശി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) ഡിഫ്തീരിയ തുടങ്ങിയ രോഗങ്ങൾ വീണ്ടും പ്രത്യക്ഷപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഇത്തരം രോഗങ്ങളുടെ തിരിച്ചു വരവിനെ പ്രതിരോധിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | ബി) മേൽപ്പറഞ്ഞ രോഗങ്ങൾ പ്രതിരോധിക്കുന്നതിന് വേണ്ടി ചുവടെ ചേർക്കുന്ന നടപടികൾ കേരളത്തിലുടനീളം സ്വീകരിച്ചു വരുന്നു.<br>1. <u>സാർവ്വത്രിക പ്രതിരോധ പരിപാടി</u><br>പോളിയോ, ഡിഫ്തീരിയ, വില്ലൻചുമ, അഞ്ചാംപനി, ക്ഷയരോഗം, ടെറ്റനസ് തുടങ്ങിയ രോഗങ്ങളെ സാർവ്വത്രിക പ്രതിരോധ കുത്തിവയ്പ്പ് പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ബി.സി.ജി, പെന്റാ, റ്റി.റ്റി, റൂബെല്ലാ വാക്സിനേഷൻ, എം.എം.ആർ എന്നിവയിലൂടെ പ്രതിരോധിക്കുവാൻ കഴിയും. 1982 മുതൽ ഭാരതസർക്കാരിന്റെ നിർദ്ദേശാനുസരണം നൽകി വരുന്ന സാർവ്വത്രിക പ്രതിരോധ കുത്തിവയ്പ്പ് പരിപാടി കേരളത്തിലുടനീളം കാര്യക്ഷമമായി തന്നെ നടപ്പിലാക്കി വരുന്നുണ്ട്. എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലും എല്ലാ ബുധനാഴ്ചകളിലും പ്രതിരോധ കുത്തിവയ്പ്പ് പരിപാടി സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ വഴി അംഗൻവാടികളേയും ഉൾപ്പെടുത്തി മാസത്തിൽ 4 എന്ന കണക്കിന് പ്രതിരോധ കുത്തിവയ്പ്പ് പരിപാടി സംഘടിപ്പിച്ചു വരുന്നുണ്ട്. |

2. <u>പൾസ് പോളിയോ പ്രോഗ്രാം.</u>

പോളിയോ ഭാരതത്തിൽ നിന്ന് തന്നെ പൂർണ്ണമായി നിർമാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി 1995 മുതൽ ആരംഭിച്ച പൾസ് പോളിയോ പ്രോഗ്രാം കേരളത്തിലും വിജയകരമായി നടപ്പിലാക്കി വരുന്നു. 2016 ൽ ജനുവരി 17, ഫെബ്രുവരി 21 തീയതികളിലാണ് ഇപ്രാവശ്യത്തെ പൾസ് പോളിയോ പ്രോഗ്രാം സംഘടിപ്പിച്ചിരിക്കുന്നത്.

3. <u>മിഷൻ ഇന്ദ്രധനുഷ് പരിപാടി</u>

2015 ഏപ്രിൽ മാസം മുതൽ ഭാരത സർക്കാരിന്റെ പ്രത്യേക നിർദ്ദേശാനുസരണം രാജ്യത്തെ പ്രതിരോധ കുത്തിവയ്പ്പിൽ പിന്നിൽ നിൽക്കുന്ന 201 ജില്ലകളിൽ ഉൾപ്പെടുത്തി കേരളത്തിലെ മലപ്പുറം, കാസർകോട് ജില്ലകളിൽ മിഷൻ ഇന്ദ്രധനുഷ് എന്ന പ്രതിരോധ കുത്തിവയ്പ്പ് ശാക്തീകരണ പരിപാടി ഒരു മാസത്തിൽ 7 ദിവസമെന്ന കണക്കിന് തുടർച്ചയായ 4 മാസം സംഘടിപ്പിക്കുകയുണ്ടായി. തുടർന്ന് ഭാരത സർക്കാരിന്റെ നിർദ്ദേശം അനുസരിച്ച് മീഡിയം ഫോക്കസ്ഡ് ആയ 7 ജില്ലകളെ (എറണാകുളം, കണ്ണൂർ, കൊല്ലം, കോട്ടയം, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ) ഉൾപ്പെടുത്തി ഒക്ടോബർ 7 മുതൽ തുടങ്ങി 4 മാസത്തേയ്ക്ക് മിഷൻ ഇന്ദ്രധനുഷ് പരിപാടി സംഘടിപ്പിച്ചു വരുന്നു.

4. <u>സ്പെഷ്യൽ ഇമ്മ്യൂണൈസേഷൻ പരിപാടി</u>

സംസ്ഥാനത്ത് പൂർണ്ണമായോ ഭാഗീകമായോ പ്രതിരോധ കുത്തിവയ്പ്പ് എടുക്കാത്ത കുട്ടികൾ ഉള്ള പ്രദേശങ്ങളിൽ പ്രത്യേകിച്ച് മലപ്പുറം ജില്ലയിൽ, ഡിഫ്ത്തീരിയ ബാധിച്ച് 08-09-2015 ന് 2 കുട്ടികളുടെ മരണം ഉൾപ്പെടെ 5 ഡിഫ്ത്തീരിയ കേസ് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ, പ്രത്യേക പ്രതിരോധ കുത്തിവയ്പ്പ് ശാക്തീകരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

5. ബോധവൽക്കരണ പരിപാടികൾ

പ്രതിരോധ കുത്തിവയ്പ്പ് പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വാക്സിനുകളെപ്പറ്റിയും അവ മൂലം പ്രതിരോധിക്കാവുന്ന രോഗങ്ങളെപ്പറ്റിയും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനു വേണ്ടി ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ വിശദമായ ബോധവൽക്കരണ പരിപാടികൾ ആരോഗ്യ വകുപ്പിന്റേയും എൻ.എച്ച്.എം.ന്റെയും മേൽ നോട്ടത്തിൽ നടപ്പിലാക്കി വരുന്നു.

ഹ്രസ്വകാല പ്രവർത്തന ലക്ഷ്യങ്ങൾ

16 വയസ്സുവരെയുള്ള കുട്ടികൾക്കെല്ലാം (ഭാഗികമായി കുത്തിവയ്പ്പ് കിട്ടിയവർക്കും, പൂർണ്ണമായി കിട്ടാത്തവർക്കും) ഫീൽഡ് തല കുത്തിവയ്പ്പ് താഴെ പറയും പ്രകാരം നടപ്പാക്കാൻ തീരുമാനിച്ചു.

- 0-1 വയസ്സുവരെ പെന്റാ
- 1-7 വയസ്സുവരെ ടി.പി.റ്റി. ബൂസ്റ്റർ
- 7-16 വയസ്സുവരെ
- കുത്തിവയ്പ്പ് ലഭിക്കാത്തവർക്ക് - 3 ഡോസ് ടി.ഡി. വാക്സിൻ - 0,1,6 മാസങ്ങളിൽ
- ഭാഗിക കുത്തിവയ്പ്പ് കിട്ടിയവർക്ക് - 1 ഡോസ് ടി.ഡി. വാക്സിൻ

- സ്കൂൾ ഇമ്മ്യൂണൈസേഷൻ
- 1-7 വയസ്സുവരെ - ടി.പി.റ്റി. ബൂസ്റ്റർ
- 7-16 വയസ്സുവരെ - ടി.ഡി വാക്സിൻ
- കുത്തിവയ്പ്പ് ലഭിക്കാത്തവർക്ക് - 3 ഡോസ് (0,1, മാസം 6 മാസങ്ങളിൽ)
- ഭാഗിക കുത്തിവയ്പ്പ് കിട്ടിയവർക്ക് - 1 ഡോസ് ടി.ഡി. വാക്സിൻ

ദീർഘകാല പ്രവർത്തന ലക്ഷ്യം

ടി.ടി വാക്സിനു പകരമായി സ്കൂൾ കുത്തിവയ്പ്പ് പരിപാടിയിൽ ടി.ഡി വാക്സിൻ നടപ്പിലാക്കുക.

കൂടാതെ അടുത്ത 6 മാസത്തേക്ക് ആവശ്യമായ ടി.ഡി വാക്സിൻ വാങ്ങാനും, ആൻറി ഡിഫ്തീരിയ സിറം ആവശ്യത്തിനു സ്റ്റോക്ക് ചെയ്യാനും നടപടി സ്വീകരിച്ചു.

സെക്ഷൻ ഓഫീസർ